ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ; ബിൽ പാസ്സാക്കിയിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : 2003-ലെ കേരള വൃക്ഷ സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

VIII ക്രമപ്രശ്നം

ബില്ലിന്റെ അവതരണം സംബന്ധിച്ച്

Shri. M. V. Jayarajan : Sir, I raise a Point of Order.

Mr. Deputy Speaker : What is your objection ?

ശ്രീ. എം. വി. ജയരാജൻ : സർ, പൊതുവിൽ സ്വാഗതം ചെയ്യപ്പെടേണ്ടുന്ന ഒരു ബില്ലാണ് ഇത്. കേരളത്തിൽ പ്രത്യേകിച്ച് വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ സ്വന്തം പുരയിടത്തിലുള്ള മരംപോലും മുറിച്ചുമാറ്റുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഹൈക്കോടതി വിധിയെത്തുടർന്ന് ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളത്. പൊതുവിൽ സ്വാഗതാർഹമായിട്ടുള്ള ഒന്നാണ് ഈ ബിൽ. പക്ഷേ ഇതിൽ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഹൈക്കോടതിയിലുള്ള ഒരു ഒ.പി-യുടെ കാര്യം പറയുന്നുണ്ട്. ഒ.പി. നമ്പർ 30589/2001.ആ.ഒ.പി. അടിസ്ഥാനമാക്കിക്കൊണ്ടാണ് ഈ നിയമനിർമ്മാണം. അതിൽ കേരള ഹൈക്കോടതി വിധിയിൽ ഏതൊരു വൃക്ഷവും മുറിക്കുന്നതിനും കടത്തുന്നതിനും നിരോധനം ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ഇത്തരം ഒരു നിയമനിർമ്മാണത്തിന് കാരണമായിട്ടുള്ളത് എന്ന് വ്യക്തമാകും. മേൽപ്പറഞ്ഞ ഒ.പി സംബന്ധിച്ച കേസ് ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിലായി 2003 ജൂലൈ 23-ലാണ് കേസ് വാദം കേട്ടത്. ആഗസ്റ്റ് മാസത്തേക്ക് കേസ് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 1986 ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ ഏതെങ്കിലും ഒരു വകുപ്പ് റദ്ദാക്കിയിട്ടില്ല. ഏതെങ്കിലും ഒരു വകുപ്പിന്റെ അടിസ്ഥാനത്തിലാണ് വൃക്ഷം മുറിക്കുന്നതിനും കടത്തുന്നതിനും നിയന്ത്രണമേർപ്പെടുത്തിയതെന്നും പറയാൻ കഴിയുകയില്ല. ഹൈക്കോടതി പറഞ്ഞ കാര്യം എന്റെ കയ്യിലുണ്ട്. യഥാർത്ഥത്തിൽ കേസിന്മേലുള്ള വാദം നടന്നുകൊണ്ടിരിക്കുകയാണ്. കേസിന്റെമേൽ ഒത്തുതീർപ്പ് ഉണ്ടാക്കിയിട്ടില്ല. ഹൈക്കോടതി ആറുപേരെ എതിർകക്ഷികൾ ആക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ചുകൊണ്ട് ചീഫ് സെക്രട്ടറി, വയനാട് ജില്ലയിലെ ജില്ലാ കളക്ടർ, ഡി.എഫ്.ഒ., ആർ.ഡി.ഒ. ഉൾപ്പെടെയുള്ളവർ കേസിന് എതിർകക്ഷികളാണ്. ഹൈക്കോടതിക്ക് ലഭിച്ച ഒരു അജ്ഞാത കത്തിന്റെ ഒരു ഊമക്കത്തിന്റെ അടിസ്ഥാനത്തിലാണ് സുവോമോട്ടോ കേസ് എടുത്തിട്ടുള്ളത്. ആ കേസ് നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. അത്തരമൊരു പരിതഃസ്ഥിതിയിൽ, ഇത്തരം നിയമനിർമ്മാണത്തിന്റെ സ്ഥിതിയാണ് ഇവിടെ പ്രസക്തമായിട്ടുള്ള കാര്യം. മാത്രമല്ല, കോടതി ജുഡീഷ്യൽ ആക്ടിവിസമാണ് ഇതിലൂടെ ചെയ്തിട്ടുള്ളത്. സുവോമോട്ടോയായി കേസെടുക്കുകയും 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെയോ 1974-ലെ വന സംരക്ഷണ നിയമത്തിലെയോ ഏതെങ്കിലും സെക്ഷൻ അസാധുവാണെന്ന് പറയാതെ മരം മുറിക്കുന്നത് നിരോധിച്ചിരിക്കുന്നു. ഇതാണ് ജുഡീഷ്യൽ ആക്ടിവിസം. നമ്മുടെ വൃക്ഷ സംരക്ഷണ നിയമത്തിൽ ഒരു ഫോറസ്റ്റ് ഓഫീസറുടെ മുമ്പാകെ വരുന്ന ഒരുനിശ്ചിത അപേക്ഷയിന്മേൽ മരം മുറിക്കുന്നതിനുവേണ്ടി അനുമതി കൊടുക്കാവുന്നതാണ്, എന്ന് വ്യവസ്ഥയുണ്ട്. അത് കോടതി ഏറ്റെടുക്കുകയാണ്. നമ്മുടെ ഒരു നിയമത്തിലും കോടതിയുടെ മുമ്പാകെ അപേക്ഷ കൊടുത്തിട്ട് പെർമിറ്റ് വാങ്ങാൻ വ്യവസ്ഥയില്ല. ഞാൻ എല്ലാ നിയമങ്ങളും നോക്കി. ഇതിനെ എന്ത് പേരിട്ടാണ് വിളിക്കുക ? ഇരുപത്തിയഞ്ചോളം ഒ.പി. മരം മുറിക്കുന്നതിനുള്ള അനുമതിക്കായി കോടതിയിൽ വന്നു. ഒരു അപേക്ഷയുമായി കോടതിയിൽ പോകണം. സാധാരണക്കാർക്ക് അവിടെ പോകാൻ പറ്റുമോ ? ഒ.പി. ഫയൽ ചെയ്യാൻ, ഒരു കേസ് കൊടുക്കണമെങ്കിൽത്തന്നെ, ഇരുപതിനായിരം രൂപയോളം ചെലവാകും. കോടതി നമ്മുടെ എക്സിക്യൂട്ടീവ് അധികാരം എടുക്കുകയാണ് ചെയ്തത്. എക്സിക്യൂട്ടീവിന്റെ അധികാരം കോടതി എടുത്താൽ എന്തായിരിക്കും നാട്ടിലുള്ള സ്ഥിതി ? എക്സിക്യൂട്ടീവ് നിയന്ത്രണത്തിനപ്പുറമാണെങ്കിൽ നിയന്ത്രിക്കുവാനും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനുമാണ് നമ്മുടെ ജുഡീഷ്യൽ സംവിധാനം. ആ ജുഡീഷ്യൽ സംവിധാനമാണ് എക്സീഡ് ചെയ്യുന്നത്. മാത്രമല്ല, ഇതിൽ ഗൗരവമായ മറ്റൊരു വിഷയം, ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള, നിയമത്തിലുണ്ട്. പട്ടിക്ക് പേ ഇളകിയാൽ നമുക്ക് ചങ്ങലയ്ക്കിടാം. ചങ്ങലയ്ക്ക് പേയിളകിയാൽ എന്ത് ചെയ്യും ? ഇത്തരത്തിൽ സാധാരണക്കാരെ ദ്രോഹിക്കുന്ന ഒരു നടപടിയാണ് ഹൈക്കോടതി എടുത്തിട്ടുള്ളത്. ഹൈക്കോടതി എടുത്തിട്ടുള്ള

ആ നടപടിക്കെതിരെ ഇവിടെ നിയമ നിർമ്മാണത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഈ കാര്യങ്ങൾ അവതരിപ്പിച്ച് സാധാരണക്കാരന് നീതിയും നിയമ സംരക്ഷണവും ഉറപ്പു വരുത്തുന്നതിനുമൊക്കെ നടപടി സ്വീകരിക്കുന്നതിനു പകരം അനിയന്ത്രിതമായവിധത്തിൽ മരംമുറിക്കാൻ അനുമതി നൽകും വിധത്തിലുള്ള ഒരു നിയമനിർമ്മാണത്തിലേക്കാണ് നമ്മൾ കടക്കുന്നത്. ഇതിൽ സെക്ഷൻ 4(6) പ്രകാരം ഒരു സബ് ക്ളാസ് കൊണ്ടു വരികയാണ്. ആ സബ് ക്ളാസ് ഈ നിയമത്തിൽനിന്നുള്ള സെക്ഷൻ 4-ന്റെ വ്യവസ്ഥകൾക്ക് തന്നെ വിരുദ്ധമാണ്. അതുപോലെതന്നെ സെക്ഷൻ 4(5)ന് എതിരായിട്ടുള്ള ചില കാര്യങ്ങളാണ് അതിനകത്ത് പറയുന്നത്. ഒന്ന് authorised officer-ടെ പെർമിറ്റ് വാങ്ങണ്ട. അതുപോലെതന്നെ 4(5) പറയുന്നത് ഒരു നിശ്ചിത ഭൂപരിധിയിൽ ഉള്ളവർക്ക് മാത്രമേ ഇത്തരത്തിൽ മരംമുറിക്കുവാൻ അനുവാദം കൊടുക്കുവാൻ പാടുള്ളൂ എന്നാണ്. ഇവിടെ പറഞ്ഞിട്ടുള്ള പുതിയ ക്ളാസിൽ ഒരു ഭൂപരിധിയുമില്ല, നിയന്ത്രണവും ഇല്ല. അപ്പോൾ ഈ പറയുന്ന ക്ളാസ് യഥാർത്ഥത്തിൽ ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ട്. നമ്മുടെ ഏലത്തോട്ടങ്ങളിൽ, കാപ്പിത്തോട്ടങ്ങളിൽ, മറ്റ് തോട്ടങ്ങളിൽ പട്ടയ കൈവശക്കാർക്ക് അനിയന്ത്രിതമായി മരം മുറിക്കുന്നതിന് അനുമതി നല്കും വിധത്തിൽ ഈ നിയമനിർമ്മാണം മാറാൻ ഇടയുണ്ട്. നിലവിലുള്ള 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിൽ തന്നെയുള്ള പല വ്യവസ്ഥകൾക്കും എതിരായി ഈ 4(6) എന്ന് പറയുന്ന ക്ളാസ് ചേർക്കുന്നത് ശരിയല്ല. ഇതിൽ ചില മാറ്റങ്ങൾ വരുത്തണം. തത്വത്തിൽ സ്വന്തം വീട്ടുപറമ്പിൽ സ്വന്തംഭൂമിയിൽ നിശ്ചിത ഭൂപരിധിയിൽപ്പെടുന്നവർക്ക് സ്വന്തം മരം സ്വന്തം വീടിനു നേരെ മറിഞ്ഞുവീഴാൻ ഇടയായാൽപ്പോലും മുറിക്കാൻ പാടില്ല എന്ന ഹൈക്കോടതിയുടെ നിർദ്ദേശം മാറ്റണം. അതിന് ആവശ്യമായിട്ടുള്ള നിയമനിർമ്മാണം കൊണ്ടുവരണം. അങ്ങനെ ചെറുകിട കൈവശക്കാരെ സംരക്ഷിക്കണം. അതെല്ലാം സ്വാഗതാർഹമാണെങ്കിലും ഇതിന്റെ മറവിൽ മരംമുറി, വനംകൊള്ള, വ്യാപകമാകാനുള്ള സാധ്യത ഇവിടെ കാണുന്നുണ്ട്. നിലവിലുള്ള നിയമത്തിനുതന്നെ എതിരായ വ്യവസ്ഥകളാണ് ഇതിൽ പലതും. അതുകൊണ്ട് ഇതിന് ആവശ്യമായ ഭേദഗതിയോടുകൂടി ഈ ബില്ല് കൊണ്ടുവരേണ്ടതാണെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇത് ക്രമപ്രശ്നമായി അങ്ങയുടേയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടേയും ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. ജയരാജൻ : സർ, ഹൈക്കോടതി സുവോമോട്ടോയായി ഒരു കേസ്സെടുക്കുകയും ഇന്റെറിം ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. അതിനെ മറികടക്കാൻവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആ ഇന്റെറിം ഓർഡറിൽ പറയുന്നത് There will be an interim direction to the respondents to prevent the felling of trees from Reserve and Vested forests and not to permit any cutting of trees, removal or transport of timber until further orders എന്നാണ്. ഇതിൽനിന്നും വയനാടിലെ കൃഷിക്കാർക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കണം. പക്ഷേ അങ്ങനെ ഒരു ബിൽ കൊണ്ടുവരുന്ന അവസരത്തിൽ അത് കൃഷിക്കാർക്ക് സഹായകമായി മാറണമെങ്കിൽ അതിനാവശ്യമായിട്ടുള്ള തയ്യാറെടുപ്പ് നമ്മൾ നടത്തേണ്ടതാണ്. ഈ സഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബിൽ നിയമമാക്കുന്നതിനുള്ള ലെജിസ്ലേറ്റീവ് കോംപീറ്റൻസ് സംബന്ധിച്ചാണ് ഞാൻ ഒരു സംശയം ഇവിടെ ഉന്നയിച്ചത്. ഫോറസ്റ്റ് എന്നുപറയുന്നത് സംസ്ഥാന വിഷയമായിരിക്കുന്നു. അത് ഭരണഘടനാ ഭേദഗതിയിലൂടെ കൺകറന്റ് ലിസ്റ്റിൽ പെടുത്തിയപ്പോൾ സ്വാഭാവികമായും പ്രസിഡന്റിന്റെ മുൻകൂറായുള്ള അനുമതിയോടുകൂടി മാത്രമേ ഈ ബിൽ കൊണ്ടുവരാൻ പാടുള്ളൂ എന്നതാണ് എന്റെ വാദം. കേന്ദ്രനിയമമായ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ രണ്ടാം വകുപ്പിൽ ഇത് വ്യക്തമായി പറയുന്നുണ്ട്.

അതിൽ പറയുന്നത് Restriction on the dereservation of forests or use of forest land for non-forest purpose എന്നതിൽ Notwithstanding anything contained in any other law for the time being in force in a State, no State Government or other authority shall make, except with the prior approval of the Central Government, any order directing..... എന്നുപറഞ്ഞിട്ട് അതിൽ നാലാമത്തെ ഇനം that any forest land or any portion thereof may be cleared of trees which have grown naturally in that land or portion, for the purpose of using it for reafforestation. നമ്മുടെ സംസ്ഥാനത്തിന്റെ നിലവച്ച് ഈ ബിൽ വരുന്ന അവസരത്തിൽ പ്രസിഡന്റിന്റെ അനുമതിയോടുകൂടിയാണോ കൊണ്ടുവന്നിട്ടുള്ളത് എന്നത് വ്യക്തമാക്കണം. എന്താണെന്നുപറഞ്ഞാൽ ഫോറസ്റ്റ് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായാണ് കേന്ദ്രം പരിഗണിച്ചുവരുന്നത്. കേന്ദ്ര ഫോറസ്റ്റ് നിയമത്തിൽ തന്നെ വളരെ പ്രധാനപ്പെട്ട വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. അതനുസരിച്ച് വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കർശനമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കോടതികളും ഇതു വളരെ പ്രധാനമായാണ് പരിഗണിച്ചിട്ടുള്ളത്. രണ്ടാംവകുപ്പിനെ വ്യാഖ്യാനിച്ചുകൊണ്ട് കോടതി പറയുന്നത് Section 2 imposing restriction on use of forest റിസർവ് ഫോറസ്റ്റ്സ് മാത്രമല്ല എല്ലാ ഫോറസ്റ്റുകളും കേന്ദ്ര നിയമത്തിന്റെ പരിഗണനയിൽ വരികയാണ്.

The words important in Clause (ii) of Section 2 are "any forest land" "Any" is a word of very wide meaning and prima facie the use of this word excludes limitation.

Mr. Deputy Speaker : Please conclude..... Please resume your seat.

ശ്രീ. പി. ജയരാജൻ : Any forest land എന്നു പറഞ്ഞതുകൊണ്ട് ഇത് അതിൽ വരുന്നതാണ്. അതുപോലെതന്നെ വേറൊരു കാര്യം കേന്ദ്രത്തിൽ മറ്റൊരു നിയമമുണ്ട്. അത് അവശ്യസാധന നിയമമാണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സംസ്ഥാനത്തെ ലാൻഡ് യൂസ് ഓർഡർ ഉള്ളത്. ആ ലാൻഡ് യൂസ് ഓർഡറിന്റെ സെക്ഷൻ (6) അനുസരിച്ച് കാർഡമം കൃഷി സ്ഥലങ്ങളിലെ വൃക്ഷങ്ങൾ വെട്ടുന്നത് നിരോധിച്ചിട്ടുണ്ട്. ഈ ബിൽ അതേപടി പാസ്സായിക്കഴിഞ്ഞാൽ കാർഡമം കൃഷിസ്ഥലങ്ങളിലുള്ള മരങ്ങൾ വെട്ടിമാറ്റാനുള്ള അവകാശം തോട്ടം ഉടമയ്ക്ക് ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് ഈ രണ്ട് കേന്ദ്ര നിയമങ്ങളേയും അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ പ്രസിഡന്റിന്റെ

മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഈ ബിൽ കൊണ്ടുവരാൻ പാടുള്ളൂ. ഇതിനേക്കാളും വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ് ഞാൻ ഇനി ഉന്നയിക്കുന്നത്. രാവിലെ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു നമ്മുടെ സംസ്ഥാനത്തിലെ നിയമങ്ങൾ മാറ്റാൻ വേണ്ടി ലാ-റിഫോംസ് കമ്മിറ്റി 25 പുതിയ ബില്ലുകളുമായി വരാൻ പോവുകയാണെന്ന്. ആ ബില്ലുകളിൽ ഒന്നിന്റെ പേരെന്താണ് ? വളരെ പ്രധാനപ്പെട്ട കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. The Kerala Promotion of Tree Growth in Non Forest Areas Bill, 2002 എന്നുള്ളതാണ്. ആ ബില്ലിലെ 26-ാം വകുപ്പ് അനുസരിച്ച് എന്താണ് പറയുന്നത് ? നിലവിലുള്ള 1986-ലെ പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് റദ്ദാക്കപ്പെടും എന്നുള്ളതാണ്. ഇവിടെ എന്താണ് കാണുന്നത് ? ആരാച്ചാർ വധശിക്ഷയ്ക്ക് വിധിക്കുന്ന പ്രതിക്ക് കൊലച്ചോറ് കൊടുക്കുന്നതുപോലെ ലാ റിഫോംസ് കമ്മിറ്റി, റദ്ദാക്കപ്പെടുമെന്ന് പ്രഖ്യാപിക്കുന്ന ഒരു നിയമത്തിനുള്ള ഭേദഗതി ബില്ലാണ് കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള നിയമം റദ്ദാക്കപ്പെടുമെന്ന് ലാ റിഫോംസ് കമ്മിറ്റി ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ആ ബില്ലിനാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് കാബിനറ്റ് ലാ റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട്.....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ജയരാജൻ : ട്രീ പ്രിസർവേഷൻ ബില്ലിൽ ആ നിയമം റദ്ദാക്കപ്പെടുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ പറയുന്ന The Kerala Promotion of Tree Growth in Non Forest Areas Bill സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽവച്ച് നിയമസഭയുടെ സമയം എന്തിനാണ് നഷ്ടപ്പെടുത്തുന്നത് ? നിയമംതന്നെ റദ്ദാക്കപ്പെടുമെന്നാണ്. അതുകൊണ്ട് ഈ നിയമസഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്ന നിലയ്ക്കാണ് ഈ ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, ശ്രീ. എം. വി. ജയരാജനും ശ്രീ. പി. ജയരാജനും കൊണ്ടുവന്ന പോയിന്റ്സ്, അവർ എതിർക്കുന്ന കാര്യം എന്താണ് ? രണ്ടുപേരും ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നുണ്ട്. പിന്നെ ഇതിനെ എതിർക്കുന്ന ചില പോയിന്റ്സുണ്ട്. ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് കേസ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു, കേസിന്റെ ഫൈനൽ വിധിയായിട്ടില്ല. ഫൈനൽ വിധിയാകാനുള്ള ഒരു കേസിൽ നിയമം ആവശ്യമാണോ എന്നാണ്. ശ്രീ. ജയരാജൻ തുടങ്ങിയതു തന്നെ ഇങ്ങനെയാണ്. രണ്ടുമൂന്ന് ജില്ലകളിൽ ജനങ്ങൾ വിഷമിക്കുന്നു എന്നാണ് പറഞ്ഞത്. അതുതന്നെയാണ് ഗവൺമെന്റ് ഇനിയും കാലതാമസം വരുത്താതെ ഇങ്ങനെ ഒരു ബിൽ കൊണ്ടുവരാനുള്ള കാരണം. 9-10-2001 മുതൽ വയനാടിലെ ജനങ്ങൾ വളരെ വിഷമത്തിലാണ്. നിങ്ങൾക്കൊക്കെ അറിയാം. വയനാടിൽ നിന്നുള്ള എം.എൽ.എ.മാരൊക്കെ ഇവിടെയുണ്ട്. അവരുടെ പുരയിടങ്ങളിലെ, വീട്ടുവളപ്പിലെ തെങ്ങ് മുറിക്കാൻപോലും ഇന്ന് സാധിക്കുകയില്ല. ഒരു പാവപ്പെട്ട കർഷകത്തൊഴിലാളിക്ക് ഒരു ചെറിയ പുര വയ്ക്കാൻ നല്ല തടി മുറിക്കാൻ പറ്റില്ല. ഒരു തെങ്ങ് മുറിക്കണമെന്ന് വിചാരിച്ചാൽ നടക്കുകയില്ല. ഒരു ആഞ്ഞിലി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുറിക്കാൻ പറ്റില്ല. ഒരു പ്ലാവ് മുറിക്കാൻ പറ്റില്ല. ഒരു മാവ് മുറിക്കാൻ പറ്റില്ല. ആ നിരോധനം രണ്ടുവർഷമായി നിലനിൽക്കുകയാണ്. അതുകൊണ്ട് നിങ്ങളും ഇതിനെ എതിർക്കുന്നില്ലായെന്ന് പറയുന്നുണ്ട്. രണ്ടുവർഷമായിട്ട് കേസിന്റെ ഫൈനൽ വിധിയായിട്ടില്ല. ഇടക്കാല ഉത്തരവ് 9-10-2001-ൽ ആണ് വന്നത്. അപ്പോൾ എന്നത്തേക്ക് ഈ വിധി വരും? അതുവരെ അനിശ്ചിതമായി കാര്യങ്ങൾ കൊണ്ടുപോയാൽ വീർപ്പുമുട്ടി നിൽക്കുന്ന വയനാട് ജില്ലയിലെ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും അത്. അതുകൊണ്ടാണ് കിട്ടിയ ആദ്യത്തെ അവസരമുപയോഗിച്ച്, ബിൽ കൊണ്ടുവന്നത്. നേരത്തേ ഇത് കൊണ്ടുവരാൻ ഞങ്ങൾ നോക്കിയതാണ്; ചില പ്രത്യേക സാഹചര്യങ്ങളാൽ സാധിച്ചില്ല. അതുകൊണ്ട് ഏറ്റവും നേരത്തേ കൊണ്ടുവരികയെന്നുള്ള നല്ല ഉദ്ദേശ്യം വച്ചാണ് ഈ ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പിന്നെ ശ്രീ. ജയരാജൻ പറഞ്ഞ ജുഡീഷ്യൽ ആക്ടിവിസത്തെ സംബന്ധിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. എക്സിക്യൂട്ടീവിന്റെ അധികാരങ്ങളിൽ ജുഡീഷ്യറി കൈകടത്തുന്നു, അതിരുകവിഞ്ഞുള്ള അധികാരങ്ങൾ ജുഡീഷ്യറി എടുക്കുന്നു തുടങ്ങിയ വിഷയങ്ങൾ നമ്മൾ വേറെ ചർച്ച ചെയ്യുകയാണ് നല്ലതെന്ന് തോന്നുന്നു. ഏതായാലും അഭിപ്രായം പറഞ്ഞ ശ്രീ. ജയരാജൻ തന്നെ പരസ്പര വിരുദ്ധമായിട്ടാണ് പറഞ്ഞത് എന്നാണ് എനിക്ക് തോന്നുന്നത്. ആദ്യം ജയരാജൻ പറഞ്ഞു കേസിന്റെ വിധി വരട്ടേയെന്ന്. എന്നുപറഞ്ഞാൽ ഹൈക്കോടതിയുടെ തീരുമാനം വരട്ടെ എന്നാണ് അർത്ഥം. അപ്പോൾ ഹൈക്കോടതിയുടെ തീരുമാനത്തിന് വിട്ടുകൊടുക്കുകയാണ്.....(ബഹളം).... അതാണ് രണ്ടാമത് പറഞ്ഞത്. ആ വിഷയത്തെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. ഈ ആക്ടിലാണല്ലോ ആറാം ഉപവകുപ്പായി ഒരു ചെറിയ സബ് ക്ലാസ്സ് നമ്മൾ ചേർക്കുന്നത്. പരസ്പരവിരുദ്ധമായൊന്നും വരില്ല. ഒരു കാര്യം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഒരൊറ്റ വനത്തിൽ നിൽക്കുന്ന മരവും മുറിക്കാൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നില്ല. ഈ നിയമത്തിൽ എടുത്തുപറയുന്നുണ്ട്. 10 കൂട്ടം മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണങ്ങൾ കർശനമായുണ്ട്. അതും ബില്ലിൽ പറയുന്നുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജയരാജനും മറ്റും പറഞ്ഞതുകേട്ടാൽ.....ഇത് ഫോറസ്റ്റിൽ നിന്ന് മരം വെട്ടാനുള്ള ബിൽ അല്ല. ഇത് നിലവിലുള്ള കർഷകരുടെ ഭൂമിയിൽനിന്ന് വളരെക്കാലമായി കൈവശം വച്ചുവരുന്ന കൃഷിക്കാരുടെ ഭൂമിയിൽനിന്നും മരം വെട്ടാനുള്ള നിയമമാണ്. അത് രണ്ടുവർഷമായി തടസ്സപ്പെട്ടുകിടക്കുകയാണ്. ഇതുകൂടാതെ ഒരു ഇമ്മ്യൂണിറ്റി നീക്കാനുള്ള ഒരു നിയമനിർമ്മാണമാണ്. അല്ലാതെ അതിൽ കവിഞ്ഞ് ഒന്നുമില്ല. നിലവിൽ കൂടുതൽ മരംവെട്ടാൻ പോകുന്നുമില്ല, ഫോറസ്റ്റിൽനിന്ന് മരംവെട്ടാൻ പോകുന്നുമില്ല. കൃഷിക്കാരുടെ കൈവശമുള്ള ഭൂമിയിൽനിന്നു മാത്രം മരംവെട്ടാം. കോടതി നിരോധിച്ചത് കോടതിയുടെ ഇമ്മ്യൂണിറ്റി നീക്കാനുള്ള ഒരു നിയമമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് : മരംമുറിക്കൽ എന്നൊരു നയം നമ്മുടെ ഗവൺമെന്റിനില്ല. ഞാൻ ആദ്യം പറഞ്ഞതുപോലെ വീട്ടുവളപ്പിലെ നാട്ടുവൃക്ഷങ്ങൾ മുറിക്കാൻ കൃഷിക്കാർക്ക് രണ്ടു വർഷമായിട്ട് പറ്റാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. അത് മാറ്റിക്കൊടുക്കാനാണ് ഈ നിയമനിർമ്മാണം. അത്രയേയുള്ളൂ. പിന്നെ ശ്രീ. ജയരാജന്റെ പോയിന്റ് നമ്മുടെ ഏലത്തോട്ടങ്ങൾ കൊടുത്തതു വല്ലതുമുണ്ടെങ്കിൽ സൂക്ഷിക്കണം. അങ്ങനെയാണെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലേക്കാണ് ഈ ബില്ല് പോകുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ ചെല്ലുമ്പോൾ വനസംരക്ഷണത്തിന് സഹായകരമായിട്ട് എന്തെങ്കിലും ഉണ്ടെങ്കിൽ മാറ്റംവരുത്താം. ഗവൺമെന്റിന് ആ കാര്യത്തിൽ തുറന്ന മനസ്സോടെയുള്ളൂ. നല്ല ഉദ്ദേശത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. പി. ജയരാജൻ പറഞ്ഞ കേന്ദ്ര വനസംരക്ഷണ നിയമം, ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ട് വരുന്നില്ല. അത് ഞങ്ങൾ നോക്കി. അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിക്കുമായിരുന്നു. അതിനെതിരായിട്ട് വരുന്നില്ല. കേന്ദ്ര ഗവണ്മെന്റ് വനസംരക്ഷണ നിയമം പാസാക്കിയത്, വനം വളരെ പ്രധാനപ്പെട്ടതാണ് എന്ന് കേന്ദ്ര ഗവണ്മെന്റ് വിചാരിക്കുന്നതുകൊണ്ടാണെന്ന് പറഞ്ഞു. അതുപോലെ തന്നെയാണ് കേരള ഗവണ്മെന്റിന്റേയും ചിന്ത. നമ്മുടെ വനങ്ങൾ സംരക്ഷിക്കപ്പെടണം. വനത്തിലെ തടികളൊന്നും പോകരുത്. ഈ ബില്ലുമായിട്ട് അതിന് ഒരു ബന്ധവുമില്ല. അങ്ങനെയുള്ള ഒരു മരവും മുറിക്കാൻ അനുവദിക്കുകയില്ല. അതുകൊണ്ട് വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരാണെന്നുള്ള വാദം നിലനിൽക്കുന്നില്ല. അതുപോലെതന്നെ കാർഡമം എസ്റ്റേറ്റിന്റെ കാര്യം ഞാൻ പറഞ്ഞു. അതിൽ എന്തെങ്കിലും ഉണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. മറ്റൊരു പോയിന്റ് പറഞ്ഞത് Law Reforms Committee വരുന്നുണ്ട്. പിന്നെ എന്തിനാണ് ഈ ബില്ലെന്നാണ്. അത് കാബിനറ്റിന്റെ പരിഗണനയിലല്ലേ ആയിട്ടുള്ളൂ. വയനാട്ടിലെ ആദിവാസികൾ വളരെ വിഷമിക്കുകയാണ്. ആ ബില്ല് ഇനി ക്യാബിനറ്റ് പരിഗണിക്കണം. മറ്റൊരു ബില്ല് ഇനിയും വരുന്ന സമയംവരെ എന്തിനാണ് ഇത് മാറ്റിവയ്ക്കുന്നത് ? അതുകൊണ്ട് എത്രയും നേരത്തേ അവിടത്തെ ജനങ്ങൾക്ക് ആശ്വാസം കൊടുക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇതിൽ ക്രമപ്രശ്നത്തിന്റെ കാര്യമൊന്നുമില്ല ; അവതരിപ്പിക്കാമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ : മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. എം. വി. ജയരാജന്റേയും, ശ്രീ. പി. ജയരാജന്റേയും തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

2003-ലെ കേരള വൃക്ഷസംരക്ഷണ ഭേദഗതി ബിൽ

(ചർച്ച തുടർച്ച)

ശ്രീ. പി. എസ്. സുപാൽ : സർ, 2003-ലെ കേരള വൃക്ഷസംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20.8.2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1986-ലെ കേരള വൃക്ഷസംരക്ഷണ ആക്ട് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ് ഈ ബിൽ